നിന്നും ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായാണ് ഇപ്രകാരമുള്ള വ്യവസ്ഥ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന ബാങ്കുകൾ പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്ന നിക്ഷേപം വായ്പ നൽകാനല്ലാതെ പ്രത്യേക വ്യാപാര പരിജ്ഞാനം ഇല്ലാതെ മറ്റ് വ്യാപാര പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിലൂടെ നഷ്ടം സംഭവിച്ചാൽ അത് പൊതുജനങ്ങളുടെ നിക്ഷേപം തിരിച്ചു നൽകാനുള്ള ശേഷിയെ ബാധിക്കുമെന്നതാണ് ഇപ്രകാരമുള്ള ഒരു അവസ്ഥ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്താൻ കാരണമായിട്ടുള്ളത്. നിലവിൽ സംസ്ഥാനത്തിലെ ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്തുന്നില്ല. ആയതിനാൽ തന്നെ ഇത് സഹകരണ മേഖലയെ ബാധിച്ചിട്ടില്ല.

(ബി) ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ കൃത്യമായ നയം കാരണമാണ് സീമാറ്റിന്റെ പ്രവർത്തനം നിർത്തൽ ചെയ്തത്.

(സി) നിലവിൽ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന കേരളത്തിലെ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ഇതര വ്യാപാര പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുന്നില്ല എന്നതിനാൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ പൂട്ടേണ്ടതായും പദ്ധതികൾ നിർത്തലാക്കേണ്ടതായും വരുന്ന സാഹചര്യമില്ല.

ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം

17 (*47) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോത്രമേഖലകളിലെ ആദിവാസി വിഭാഗങ്ങളിലെ അംഗങ്ങളുടെ ക്ഷേമം, ആരോഗ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകൾ ആദിവാസികൾക്കുവേണ്ടി നടപ്പാക്കുന്ന വ്യത്യസ്ത പദ്ധതികളുടെ നിരീക്ഷണത്തിനും ഏകോപനത്തിനും എന്ത് സംവിധാനമാണ്

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; നവജാത ശിശുക്കളുടെ എത്ര മരണങ്ങളാണ് ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസും തുറമുഖവും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) ഗോത്ര മേഖലകളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അംഗങ്ങളുടെ ക്ഷേമം, ആരോഗ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ മുൻനിർത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നിരവധി പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ രോഗബാധിതരായവരുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, അരിവാൾ രോഗത്തിനുള്ള ധനസഹായം, പട്ടികവർഗ്ഗ ദുരിതാശ്വാസനിധി തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

ഭക്ഷ്യ സഹായ പദ്ധതി, അടിയ പണിയ കൈത്താങ്ങ്, കോർപ്പസ് ഫണ്ട് പദ്ധതികൾ, ഹാംലെറ്റ് വികസനം, ഭവന നിർമ്മാണം, ഭവന റിപ്പയർ, TRDM, വിവാഹ ധനസഹായം പ്രത്യേക കേന്ദ്ര സഹായ പദ്ധതി ആർട്ടിക്കിൾ 275 പ്രകാരമുള്ള പദ്ധതികൾ, മിശ്ര വിവാഹിതർക്ക് ധനസഹായം, അതിക്രമത്തിന് ഇരയായിട്ടുള്ളവർക്ക് ധനസഹായം തുടങ്ങിയവയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ.

അട്ടപ്പാടി മേഖലയിൽ, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മേൽ പരാമർശിത പദ്ധതികൾക്ക പുറമേ ആരോഗ്യവകുപ്പ് മുഖേനയും സാമൂഹ്യ നീതി വകുപ്പ് മുഖേനയും ചുവടെ ചേർക്കുന്ന പദ്ധതികൾകൂടി നടപ്പാക്കി വരുന്നു :

(i) പോഷകാഹാരക്കുറവുള്ള കുഞ്ഞുങ്ങൾക്കായി 3 ന്യൂട്രീഷണൽ റീഹാബിലിറ്റേഷൻ സെന്ററുകൾ

(ii) 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

(iii) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

LIBRARY ARCHIVES Kerala Legislative Assembly

(iv) സാമൂഹ്യ അടുക്കള പദ്ധതി

(v) സബല പദ്ധതി

(vi) ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 3 വയസ്സിൽ താഴെ പ്രായമുള്ള ഇക്കക്കുറവുള്ള കുട്ടികൾ എന്നിവർക്കായുള്ള പ്രത്യേക പോഷകാഹാര പദ്ധതി.

(ബി) വിവിധ വകുപ്പുകൾ പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗിനായി പ്രധാനമായും ചുവടെ ചേർക്കുന്ന കമ്മിറ്റികൾ നിലകൊള്ളുന്നു.

1. സംസ്ഥാനതല പട്ടികവർഗ്ഗ ഉപദേശക സമിതി
2. ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി
3. ജില്ലാതല വർക്കിംഗ് ഗ്രൂപ്പ്
4. ജില്ലാ ആസൂത്രണ സമിതി
5. ജില്ലാ വികസന സമിതി
6. പട്ടികവർഗ്ഗ ഹോസ്റ്റൽ ഉപദേശക സമിതി
7. എം.എൽ.എ.-മാർ അദ്ധ്യക്ഷരായ കോർപ്പസ് ഫണ്ട് ഉൾപ്പെടെയുള്ള പദ്ധതി അവലോകന കമ്മിറ്റി.

മേൽപ്പറഞ്ഞ കമ്മിറ്റികൾക്ക് പുറമേ അട്ടപ്പാടി മേഖലയിലെ പട്ടിക വർഗ്ഗക്കാർക്കുവേണ്ടി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ നിരീക്ഷണത്തിനായി സ്പെഷ്യൽ ഓഫീസറെയും നോഡൽ ആഫീസറെയും നിയമിച്ച് കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരുകയും ചെയ്യുവരുന്നു.

19-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3030/2014/ ആഭ്യന്തരം പ്രകാരം ഐ.എ.എസ്സ്. കേഡറിലുള്ള ഒറ്റപ്പാലം സബ്കളക്ടർ ശ്രീ. നൂഹ് പി. ബി.-യെ നോഡൽ ഓഫീസറായും സൈലന്റ് വാലി നാഷണൽ പാർക്ക് വൈൽഡ് ലൈഫ് വാർഡൻ കുമാരി ശില്പയെ അട്ടപ്പാടി ബ്ലോക്കിലെ സ്പെഷ്യൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

(സി) ആദിവാസി അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ജനനി-ജന്മരക്ഷ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗർഭസ്ഥ ശിശുവിന് മൂന്ന് മാസം മുതൽ കുട്ടിക്ക് 1 വയസ് തികയുന്നതുവരെ (18 മാസം)

LIBRARY ARCHIVES Kerala Legislative Assembly

പ്രതിമാസം 1000 രൂപാ നിരക്കിൽ ധനസഹായം നൽകിവരുന്നു. ആയത് മണിയോർഡർ മുഖേനയാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്.

സാമൂഹ്യനീതി വകുപ്പ് പ്രത്യേകം പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. സബല കിറ്റുകളുടെ വിതരണവും സാമൂഹ്യ അടുക്കളയും അട്ടപ്പാടി മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ആരോഗ്യവകുപ്പിന് കീഴിൽ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. അമൃതം ന്യൂട്രിമിക്സിന്റെ വിതരണം എന്നിവയും നൽകിവരുന്നു.

ഈ വർഷം 20 നവജാത ശിശുമരണങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ്ഫെയർ

18 (*48) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

(ബി) ജോബ് ഫെയറിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ജോബ് ഫെയറുമായി സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ് ഫെയർ വഴി പൂർത്തീകരിച്ചിട്ടുള്ളത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, വയനാട്, എറണാകുളം, ആലപ്പുഴ എന്നീ നാല് ജില്ലകളിൽ ജോബ്ഫെസ്റ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly